# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെക്യാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി7/972/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 27/05/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെക്യാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി7/972/2022 തീയ്യതി: 27/05/2022

## കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടിഡയരക്ടർ(ഹ.ഗ്രേ) | 19-05-2022 | 25-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-05-2022 | 25-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബാലകൃഷ്ണൻ കെ.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.ഗിരീശൻ പാറപ്പൊയിൽ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.രാജീവൻ എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജാസിർ സി.എം, ഓഡിറ്റർ
ശ്രീ.ശ്രീജിത്ത് കെ.വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മുസ്തഫ ടി.പി. | സെക്രട്ടറി | 01-04-2020 | 09-03-2021 |
| ശ്രീ.സുനിൽകുമാർ പി.ടി | സെക്രട്ടറി | 10-03-2021 | 31-03-2021 |
| ശ്രീ.തൊട്ടുവയിൽ മുഹമ്മദ് | പ്രസിഡന്റ് | 01-04-2020 | 28-12-2020 |
| ശ്രീമതി. നസീമ കൊട്ടാരത്ത് | പ്രസിഡന്റ് | 29-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വി രാജീവൻ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി അഞ്ജന ജെ മധു | കൃഷി ഓഫീസർ | 01-04-2020 | 17-05-2020 |
| ശ്രീമതി അശ്വതി സി.എൻ,എളങ്കമൺ | കൃഷി ഓഫീസർ | 18-05-2020 | 13-12-2020 |
| ശ്രീമതി. ഹരിത ടി.ആർ. | കൃഷി ഓഫീസർ | 14-12-2020 | 31-03-2021 |
| ഡോ.സാരഥി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.അനിൽകുമാർ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീമതി നിഷ പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.ദിനേശൻ പി | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ.ബജീഷ് കെ. | വി.ഇ.ഒ | 01-04-2020 | 27-10-2020 |
| ശ്രീ.രഞ്ജിത് പി.കെ | വി ഇ ഒ | 28-10-2020 | 31-03-2021 |
| ശ്രീ.സിദ്ദിഖ് എം.വി. | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ.അബ്ദുൾ ഗഫൂർ എം | അസി.എഞ്ചിനീയർ | 01-04-2020 | 02-07-2020 |
| ശ്രീ. അബ്ദുൾ റിനീഷ് | അസി.എഞ്ചിനീയർ | 03-07-2020 | 31-03-2021 |
| ശ്രീമതി.അനുപമസുഗതൻ | ഡി.എഫ്.ഒ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് രൂപീകരണം ,പരിപാലനം -അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 25-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jasir C M (Auditor, On 25-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jasir C M (Auditor, On 25-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jasir C M (Auditor, On 20-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Jasir C M (Auditor, On 20-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ<br>Written By: Jasir C M (Auditor, On 25-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 1-4-1 |
| 7 | വാർഷിക പദ്ധതി - ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 25-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 1-5 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: Balakrishnan K.M (Audit Officer (HG), On 25-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 1-6 |
| 9 | വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ<br>Written By: Jasir C M (Auditor, On 25-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 1-7 |
| 10 | തൊഴിൽ നികുതി -അപാകതകൾ<br>Written By: Jasir C M (Auditor, On 25-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 1-8 |
| 11 | അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിൽ വീഴ്ച<br>Written By: N. Rajeevan (Senior Grade Auditor, On 25-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 1-9 |
| 12 | ചെറിയ പദ്ധതികൾ ബഹുവർഷ പ്രൊജക്ടുകളായി നടപ്പാക്കുന്നു.<br>Written By: Srijith K.V (Auditor, On 25-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 1-10 |
| 13 | ഹെഡ്മാസ്റ്റർ പദ്ധതികൾ നടപ്പിലാക്കിയില്ല<br>Written By: Balakrishnan K.M (Audit Officer (HG), On 25-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 1-11 |
| 14 | എം ജി എൻ ആർ ഇ ജി എസ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 25-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 1-12 |
| 15 | അഗതി ആശ്രയ പദ്ധതി - മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിച്ചു എന്ന് ഉറപ്പുവരുത്തിയില്ല<br>Written By: N. Rajeevan (Senior Grade Auditor, On 25-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 1-13 |
| 16 | കെട്ടിടത്തിലേക്കുള്ള വഴി- കേസ് സംബന്ധിച്ച്<br>Written By: Gireeshan Parappoyil (Audit Officer (HG), On 25-05-2022)<br>Last Updated By: Vasudevan M (Deputy Director, On 27-05-2022) | 1-14 |

| | | |
|---|---|---|
| 17 | പ്രാദേശിക സാമ്പത്തിക വികസന മേഖലയിൽ പദ്ധതികളാവിഷ്കരിച്ചില്ല<br>Written By: N. Rajeevan (Senior Grade Auditor, On 25-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 1-15 |
| 18 | ഫിഷറീസ് മേഖലയിൽ പദ്ധതി നടപ്പാക്കിയില്ല<br>Written By: N. Rajeevan (Senior Grade Auditor, On 25-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 1-16 |
| 19 | ബഡ്സ് സ്കൂളിന് ലഭിച്ച തുക വിനിയോഗിക്കാത്തത് കാരണം രണ്ടാം ഗഡു ധനസഹായം നഷ്ടമായി<br>Written By: N. Rajeevan (Senior Grade Auditor, On 25-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 1-17 |
| 20 | വെറ്റിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങിയതിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 25-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 1-18 |
| 21 | തെരുവ് വിളക്ക് സ്ഥാപിക്കൽ - രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Balakrishnan K.M (Audit Officer (HG), On 25-05-2022)<br>Last Updated By: Vasudevan M (Deputy Director, On 27-05-2022) | 1-19 |
| 22 | കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 25-05-2022)<br>Last Updated By: Vasudevan M (Deputy Director, On 27-05-2022) | 1-20 |
| 23 | പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം<br>Written By: Balakrishnan K.M (Audit Officer (HG), On 25-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 1-21 |
| 24 | പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായ നികുതി, ക്ഷേമനിധി വിഹിതം, എന്നിവ ഈടാക്കിയതിൽ കുറവ്.<br>Written By: Srijith K.V (Auditor, On 25-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 1-22 |
| 25 | ഹരിത കർമ്മ സേനയുടെ പ്രവർത്തനം - യൂസർ ഫീ അടയ്ക്കുന്നതിൽ വീഴ്ച<br>Written By: N. Rajeevan (Senior Grade Auditor, On 25-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jasir C M (Auditor, On 20-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jasir C M (Auditor, On 20-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jasir C M (Auditor, On 20-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jasir C M (Auditor, On 20-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jasir C M (Auditor, On 20-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jasir C M (Auditor, On 20-05-2022) | 4-6 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 26-05-2022) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jasir C M (Auditor, On 20-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jasir C M (Auditor, On 20-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 4-8 |
| 9 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം<br>Written By: Vasudevan M (Deputy Director, On 27-05-2022)<br>Last Updated By: Vasudevan M (Deputy Director, On 27-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jasir C M (Auditor, On 25-05-2022)<br>Last Updated By: Vasudevan M (Deputy Director, On 27-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jasir C M (Auditor, On 20-05-2022)<br>Last Updated By: Vasudevan M (Deputy Director, On 26-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ് രൂപീകരണം ,പരിപാലനം -അപാകതകൾ

2.3.2020 തീയതിയിൽ 39/20നമ്പർ പ്രകാരം അംഗീകരിച്ച സ്ഥാപനത്തിന്റെ ബജറ്റ് വരവ് ചെലവുകൾ താഴെ പറയും പ്രകാരം പ്രതീക്ഷിച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | 12289661 |
| വരവ് | 247618905 |
| ആകെ | 259908566 |
| ചെലവ് | 252206606 |
| നീക്കിയിരിപ്പ് | 7701960 |

പരമാവധി കുറ്റമറ്റ രീതിയിൽ ബജറ്റ് തയ്യാറാക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

എ) സർക്കാർ ഗ്രാന്റുകൾ -വാർഷിക പദ്ധതി വകയിരുത്തൽ പൂർണ്ണമായും ബജറ്റ് ഉൾക്കൊള്ളുന്നില്ല

പ്ലാൻ,മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ സർക്കാർ അനുവദിച്ച തുക ഉൾക്കൊള്ളിച്ചാണ് സ്ഥാപനത്തിന്റെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ വാർഷിക പദ്ധതിക്ക് താഴെ പറഞ്ഞ ഇനങ്ങളിൽ ബജറ്റ് പ്രൊവിഷനേക്കാൾ കൂടിയ തുക വകയിരുത്തിയിട്ടുണ്ട്.

| ഇനം | ബജറ്റ് പ്രവിഷൻ പ്രകാരം ലഭ്യമാകുന്ന തുക | വാർഷിക പദ്ധതി വകയിരുത്തൽ |
|---|---|---|
| പ്ലാൻ | 12074000 | 13531821 |
| Scp | 730000 | 734518 |
| Tsp | 491000 | 498313 |
| Cfc | 8563000 | 12773361 |
| MG റോഡ് | 21525000 | 30206586 |
| MG റോഡിതരം | 3573000 | 4905139 |

ബജറ്റ് അംഗീകരിച്ച അതേ തീയതിയിലാണ് വാർഷിക പദ്ധതിക്കും ഭരണ സമിതി അംഗീകരിച്ചതെന്നിരിക്കെ, ബജറ്റ് പ്രൊവിഷനേക്കാൾ കൂടിയ തുക വാർഷിക പദ്ധതിക്ക് വകയിരുത്തിയത് ശരിയല്ല.

ബി) പ്ലാൻ റവന്യൂ ചെലവ് -ബജറ്റ് പ്രൊവിഷനും പദ്ധതി അടങ്കലുകളും പൊരുത്തപ്പെടുന്നില്ല

പ്ലാൻ റവന്യൂ ചെലവ് വകയിരുത്തുന്ന ബജറ്റിലെ BS9 ഷെഡ്യൂൾ പ്രകാരം വാർഷിക പദ്ധതിക്കും NREGS നും കൂടി ആകെ വകയിരുത്തിയ തുക 183843605/-രൂപയാണ്. എന്നാൽ ഭരണസമിതി അംഗീകരിച്ച ആക്ഷൻ പ്ലാൻ പ്രകാരം 12.5 കോടി രൂപയുടെ പ്രവർത്തനങ്ങൾ NREGS പദ്ധതിക്കായി വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ 2.3.2020 തീയതിയിൽ അംഗീകരിച്ച സ്ഥാപനത്തിന്റെ വാർഷിക പദ്ധതി 8.41 രൂപയുടേതായിരുന്നു. ഇവ രണ്ടും പരിഗണിക്കുമ്പോൾ ആകെ തുക 20.91 കോടി രൂപ വരുന്നുണ്ട്. ഇത് ബജറ്റ് പ്രൊവിഷനേക്കാൾ 2.53 കോടി രൂപ കൂടുതലാണ്. ബജറ്റ് പ്രൊവിഷനില്ലാതെ 2.53 കോടി രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്തത് എപ്രകാരമെന്ന് വ്യക്തമാക്കേണ്ടതാണ്.

സി) വാർഷിക പദ്ധതിക്ക് തനത് ഫണ്ട് വകയിരുത്തിയതിൽ അപാകത

വാർഷിക പദ്ധതിക്ക് തനത് ഫണ്ട് വകയിരുത്തിയതിൽ അപാകത കാണുന്നു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ സ്ഥാപനത്തിന്റെ പ്രതീക്ഷിത തനത് വരുമാനം 2.86 കോടി രൂപയാണ്. ചെലവും നീക്കിയിരിപ്പും ഉൾപ്പെടെ 2.25 രൂപ കഴിച്ച് 60.96 ലക്ഷം രൂപയാണ് വാർഷിക പദിധതിക്കായി ബജറ്റിൽ വകയിരുത്തിയത്. എന്നാൽ 42.22 ലക്ഷം രൂപ മാത്രമാണ് 2.3.2020 തീയതിയിൽ അംഗീകരിച്ച വാർഷിക പദ്ധതിയിൽ തനത് ഫണ്ടിൽ നിന്ന് വകയിരുത്തിയിട്ടുള്ളൂ. ബജറ്റിൽ വകയിരുത്തിയ 18.74 ലക്ഷം രൂപ എപ്രകാരം വിനിയോഗിക്കുമെന്ന് വിശദമാക്കിയിട്ടില്ലെന്ന് കാണാം. വർഷാവസാനം ബജറ്റ് പുതുക്കിയപ്പോൾ തനത് ഫണ്ട് പ്രൊവിഷൻ 64.67ലക്ഷം രൂപയായെങ്കിലും അന്തിമവാർഷിക പദ്ധതി വകയിരുത്തൽ 73.92 ലക്ഷം രൂപയായി ഉയർന്നു. ഇവിടെ 9.25 ലക്ഷം രൂപയുടെ വകയിരുത്തൽ ബജറ്റ് പ്രൊവിഷന് പുറത്താണെന്ന് കാണാം.

ബജറ്റ് രൂപീകരണത്തിലും പരിപാലനത്തിലുമുണ്ടായിട്ടുള്ള മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും തുടർവർഷങ്ങളിൽ അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 28.05.20222 | - | - |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.വിവിധ ഫണ്ടിനങ്ങളിൽ വാർഷിക കണക്ക് പ്രകാരമുള്ള വരവും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള വരവ് | എ.സി.ആർ പ്രകാരം വരവ് |
|---|---|---|
| വികസന ഫണ്ട് -ജനറൽ | 11490649/- | 11970289/- |

| | | |
|---|---|---|
| | | |
| വികസന ഫണ്ട് – എസ്.സി.പി | 444510/- | 730000/- |
| വികസന ഫണ്ട്- ടി.എസ്.പി | 238075/- | 476373/- |

2.ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ ബി-7 പ്രകാരം ബിഡ്ഡേഴ്സ് ഇ.എം.ഡി ഇനത്തിൽ (ഹെഡ് കോഡ്-340100103) 3600/- രൂപ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിന് അവശേഷിക്കുന്നുണ്ട്.

3.ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ ബി-8 ഉൾപ്പെടുന്ന ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ (ഹെഡ് കോഡ്-460100101) 14375/- രൂപ ക്രമീകരിക്കുന്നതിന് അവശേഷിക്കുന്നുണ്ട്.

3.ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

4.വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിൽ B4 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കും പ്രകാരം നീക്കിയിരിപ്പുണ്ട്. തുക പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| ഇനം | തുക |
|---|---|
| Contribution For Joint Venture Projects (For Capital Expenditure)-District Panchayath | 300000/- |

5.ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ(KWA പദ്ധതി പൈപ്പ് ലൈൻ നീട്ടൽ) കേരള വാട്ടർ അതോറിറ്റിയ്ക്ക് 1200000/- രൂപ കൈമാറിയിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച വിവരങ്ങൾ ബാലൻസ് ഷീറ്റിൽ -Advance To Implementing Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

6.മിസലേനിയസ് ഡിമാൻഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് കാരണം RP-4 ൽ പെർമിറ്റ് ഫീ, ക്രമവത്കരണ ഫീ എന്നിവ ഒഴികെയുള്ളവയുടെ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

7.വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ,റേഷ്യോസ്,പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം-10/2020-21 തിയ്യതി-25.05.2022). അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 18564896.97 |
| വരവ് | 74342700 |
| ആകെ | 92907596.97 |
| ചെലവ് | 73367918 |
| നീക്കിയിരിപ്പ് | 19539678.97 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഓ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 11970289/- | 11970289/- | 11490649/- | 479640/- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 730000/- | 730000/- | 444510/- | 285490/- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 476373/- | 476373/- | 238075/- | 238298/- |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 21525000/- | 21525000/- | 21525000/- | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3536861/- | 3536861/- | 3536861/- | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് (ACR പ്രകാരം) | 0 | 4820000/- | 4820000/- | 1959921/- | 2860079/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് | 0 | 8885402/- | 8885402/- | 8019977/- | 865425/- |

| | | | | | |
|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 801602/- | 1070764/- | 1872366/- | 1194043/- | 678323/- |
| ടോട്ടൽ സാനിറ്റേഷൻ ക്യാംപയിൻ | 1000000/- | 0 | 1000000/- | 193388/- | 806612/- |
| എം.പി ഫണ്ട് | 3659797/- | 0 | 3659797/- | 3559871/- | 99926/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| കേരളോത്സവം | 20000/- | 0 | 20000/- | 0 | 20000/- |
| സാക്ഷരത | 2363/- | 65/- | 2428/- | 0 | 2428/- |
| ശുചിത്വമിഷൻ ഗ്രാന്റ് | 1046637/- | 2000702/- | 3047339/- | 1249135/- | 1798204/- |

## 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ

വിവിധ ഫണ്ടിനങ്ങളുടെ വ്യത്യസ്ത മേഖലയിലെ അലോക്കേഷൻ തുക സുലേഖ ചെലവു പത്രികയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു

| ഫണ്ടിനം | മേഖല | സുലേഖയിലെ അലോക്കേഷൻ | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അലോക്കേഷൻ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | ഉത്പാദനം | 3991542 | 5818162 |
| | സേവനം | 6449623 | 28144011 |
| | പശ്ചാത്തലം | 2001558 | 2201558 |
| വികസനഫണ്ട് എസ്.സി.പി. | ഉത്പാദനം | 150000 | 300000 |
| | സേവനം | 584518 | 584518 |
| സംരക്ഷണഗ്രാന്റ് റോഡ് | പശ്ചാത്തലം | 35646586 | 30206586 |

| | | | |
|---|---|---|---|
| സംരക്ഷണഗ്രാന്റ് | സേവനം | 2143128 | 2018139 |
| റോഡിതരം | പശ്ചാത്തലം | 3531000 | 2487000 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-5 വാർഷിക പദ്ധതി - ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകതകൾ

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് |
|---|---|---|---|
| 192 | 98605119 | 151 | 61041913 |

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലാണ് ഓഡിറ്റ് വർഷത്തെ പദ്ധതി ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾ നടന്നതെന്നതിനാൽ ആസൂത്രണ നിർവ്വഹണ പ്രക്രിയകളിൽ പൂർണ്ണമായ നടപടിക്രമങ്ങൾ പാലിക്കപ്പെടാൻ സാധ്യതയില്ലെന്ന വസ്തുത ഓഡിറ്റ് പരിഗണിക്കുന്നു. എങ്കിലും ഓഡിറ്റിൽ വ്യക്തമാക്കേണ്ടതും കാലാകാലങ്ങളിൽ ആവർത്തിക്കപ്പെടുന്നതുമായ വീഴ്ചകൾ താഴെ കൊടുക്കുന്നു.

എ) റോഡ് മെയിന്റനൻസ് പ്ലാനില്ല -റോഡുകൾ നവീകരിക്കുന്നത് ക്രമപ്രകാരമല്ല

ഓഡിറ്റ് വർഷത്തിൽ വിഭാവനം ചെയ്ത റോഡ് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് അറ്റകുറ്റപ്പണികൾക്കുള്ളതാണ്. മെയിന്റനൻസ് ഫണ്ട് ഉൾപ്പെടെ വിവിധ ഫണ്ടുകൾ ഇതിനായി വകയിരുത്തിയിട്ടുണ്ട്. എന്നാൽ 29.1.2018ലെ 11/2018/തസ്വഭവ നമ്പർ ആസൂത്രണമാർഗ്ഗരേഖ ഖണ്ഡിക 6.7ൽ നിഷ്കർഷിക്കുന്ന തരത്തിൽ ഒരു ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല. എല്ലാ റോഡുകളുടേയും നിലവിലെ അവസ്ഥ വിലയിരുത്തി, അറ്റകുറ്റപ്പണി ആവശ്യമുള്ളവയുടെ മുൻഗണനാ ക്രമത്തിലുള്ള ഒരു പ്ലാൻ കസ്റ്റോഡിയൻ ഓഫീസറായ എഞ്ചിനീയർ തയ്യാറാക്കിയതാണ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടത്. ഇപ്രകാരമല്ലാതെ മറ്റ് മാനദണ്ഡങ്ങൾ പരിഗണിച്ചാണ് മെയിന്റനൻസിനായി റോഡുകൾ തെരെഞ്ഞെടുക്കുന്നതെന്ന് കാണാം. (ഓഡിറ്റ് വർഷത്തിൽ റോഡുകളുടെ തെരെഞ്ഞെടുപ്പ് നിർവ്വചിക്കപ്പെട്ട യാതൊരു മാനദണ്ഡവുമില്ലാതെയായിരുന്നെന്ന് തുടർന്നു വരുന്ന പരാമർശങ്ങൾ വ്യക്തമാക്കുന്നു.)

വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കും ഇത്തരത്തിൽ പ്ലാൻ തയ്യാറാക്കിയിട്ടില്ല എന്നത് ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കാതിരിക്കാനുള്ള സാധ്യത വെളിവാക്കുന്നു.

ബി) പദ്ധതി നിർവ്വഹണ ം- അവലോകനം

വിഭാവനം ചെയ്ത പദ്ധതി അടങ്കലിന്റെ 62 ശതമാനമാണ് സ്ഥാപനം വിനിയോഗിച്ചത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് വർഷത്തെ ശരാശരി ചെലവ് പരിശോധിക്കുമ്പോൾ മോശമല്ലാത്ത പ്രകടനം നടത്താൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. എങ്കിലും 41 പ്രൊജക്ടുകൾക്ക് വകയിരുത്തിയ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ പ്രൊജക്ടുകൾക്കുൾപ്പെടെ വകയിരുത്തിയ തുകയിൽ നിന്നും 3.76 കോടി രൂപ വിനിയോഗിക്കാൻ കഴിയാതെ വന്നു. വിവിധ ഗ്രാന്റിനങ്ങളിൽ സർക്കാരിൽ നിന്നും ലഭിച്ച തുക പൂർണ്ണമായും വിനിയോഗിക്കാൻ കഴിഞ്ഞെങ്കിലും SCP,TSP എന്നീ ഇനങ്ങളിൽ യഥാക്രമം 2.85 ലക്ഷവും 2.38 ലക്ഷവും നഷ്ടമായിട്ടുണ്ട്.

സി) വികസന സെമിനാറിൽ അവതരിപ്പാക്കാത്ത പദ്ധതികൾ വാർഷിക പദ്ധതിയിൽ പെടുത്തി

ആസൂത്രണമാർഗ്ഗരേഖ പ്രകാരം ഓരോ മേഖലയിലേയും കാലികമാക്കിയ അടിസ്ഥാനവിവരങ്ങൾ അടിസ്ഥാനപ്പെടുത്തി തിരിച്ചറിയുന്ന ആവശ്യങ്ങൾ മുൻഗണനാ ക്രമത്തിൽ പ്രൊജക്ട് നിർദ്ദേശങ്ങളായി വർക്കിംഗ് ഗ്രൂപ്പുകൾ മുന്നോട്ട് വയ്ക്കുകയാണ് ചെയ്യേണ്ടത്. ഈ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ

അവതരിപ്പിച്ച് അവയുടെ നിർദ്ദേശങ്ങളോടൊപ്പം അംഗീകാരം വാങ്ങുകയും, നിർദ്ദേശങ്ങളിൽ പരിഗണിക്കേണ്ടവ പരിഗണിച്ച് പ്രൊജക്ട് നിർദ്ദേശങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അവ കരട് പദ്ധതി നിർദ്ദേശങ്ങളായി വർക്കിംഗ് ഗ്രൂപ്പുകൾ വികസന സെമിനാറിൽ അവതരിപ്പിക്കണം. വികസന സെമിനാറിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങളിൽ പ്രസക്തമായവ പരിഗണിച്ച്, പ്രൊജക്ട് നിർദ്ദേശങ്ങളിൽ ആവശ്യമെങ്കിൽ വീണ്ടും മാറ്റം വരുത്തി, വാർഷിക പദ്ധതി വർക്കിംഗ് ഗ്രൂപ്പുകൾ അന്തിമമാക്കണം. ഇപ്രകാരം അന്തിമമാക്കിയ വാർഷിക പദ്ധതിക്കാണ് ഭരണസമിതി അംഗീകാരം നല്കി ഡി.പി.സി അംഗീകാരം വാങ്ങേണ്ടത്. ഈ നടപടിക്രമങ്ങൾ വിലയിരുത്തുമ്പോൾ, വികസന സെമിനാറിൽ അവതരിപ്പിക്കപ്പെടുന്ന പദ്ധതി നിർദ്ദേശങ്ങളല്ലാതെ മറ്റ് പ്രൊജക്ടുകളൊന്നും അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാൻ പാടില്ലെന്ന് കാണാവുന്നതാണ്. ഇതിന് വിപരീതമായി പദ്ധതികൾ ഉൾപ്പെട്ടെങ്കിൽ അവ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ലെന്നും അതുകൊണ്ട് തന്നെ നിയമപ്രകാരമുള്ളവയെല്ലെന്നും കാണാവുന്നതാണ്. കൂടാതെ ഇത്തരം പദ്ധതികൾ ആവശ്യകത തിരിച്ചറിയപ്പെടാത്തവയും, മുൻഗണനാക്രമം തെറ്റിക്കുന്നതുമാണെന്ന് കാണാവുന്നതാണ്.

സ്ഥാപനത്തിലെ ഓഡിറ്റ് വർഷത്തെ അന്തിമപദ്ധതി ചെലവ് പത്രികയും കരട് പദ്ധതി രേഖയും പരിശോധിച്ചതിൽ, റോഡ് പ്രവൃത്തികളുടെ കാര്യത്തിൽ മാത്രം വികസന സെമിനാറിൽ അവതരിപ്പിക്കാത്ത രണ്ട് റോഡ് പ്രൊജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടു കാണുന്നു. ചേണിക്കണ്ടിമുക്ക് റോഡ്(പ്രൊ. നം 61) സാംസ്കാരിക നിലയം തീക്കുന്നുമ്മൽ റോഡ് (പ്രൊ. നം 41) എന്നിവയാണ് ഇവ. കേരള പഞ്ചായത്ത് രാജ് ആക്ടിനും ആസൂത്രണ മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി മേൽ പ്രൊജക്ടുകൾക്ക് തുക വകയിരുത്തിയതും ചെലവഴിച്ചതും വിശദീകരിക്കപ്പെടേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും തുടർ വർഷങ്ങളിൽ വീഴ്ചകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-6 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. പഞ്ചായത്തിൽ കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്. ക്യാഷ്ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദിവസേന സെക്രട്ടറി ഒപ്പു വെക്കുന്നുണ്ട്. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി സൂക്ഷിച്ചുവരുന്നുണ്ട്. വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കുന്നുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. പെൻഷൻ അപേക്ഷ രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ എന്നിവ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. അനധികൃത നിർമാണം സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

## 1-7 വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ

### ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സാധ്യത നിലനില്ക്കുന്നു

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2021 വരെ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1973 (01 വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 287 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്(410 കെട്ടിടങ്ങളിൽ). നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ്. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി

കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഫീ ഇനത്തിലുള്ള വരവ് , ലൈസൻസുകളുടെ എണ്ണം എന്നിവ 2019-20 വർഷത്തെ ഡിമാന്റിനെക്കാൾ കുറവ് വന്നതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | അനുവദിച്ച ലൈസൻസുകളുടെ എണ്ണം | ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|---|
| 1 | 2017-18 | 185 | 31800/- |
| 2 | 2018-19 | 190 | 42950/- |
| 3 | 2019-20 | 299 | 80800/- |
| 4 | 2020-21 | 287 | 84400/- |

ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കാനുള്ള സാധ്യതയുണ്ടെന്ന് ഈ കണക്കുകൾ കാണിക്കുന്നു.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം-15/2020-21തി-25.05.2022). അപാകത പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

## 1-8 തൊഴിൽ നികുതി -അപാകതകൾ

### 1)തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യാപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പെടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205ബി, ചട്ടം13 എന്നിവ കാണുക)
2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്.
3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2 ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്. എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. (ക്രമ നമ്പർ ഒന്നു പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് നൽകേണ്ട നോട്ടീസിന്റേയോ ഉടമസ്ഥൻ വിവരം ലഭ്യമാക്കേണ്ട ഫോറത്തിന്റേയോ മാതൃക/ഫോറം തൊഴിൽ നികുതി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. എങ്കിലും നിയമപ്രകാരവും ചട്ടപ്രകാരവുമുള്ള വരുമാനമാർഗ്ഗം

ഉപയോഗപ്പെടുത്താൻ സ്ഥാപനം ഫോറങ്ങൾ നിശ്ചയിച്ച് ഉപയോഗപ്പെടുത്തുകയോ അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുകയോ ചെയ്യേണ്ടതായിരുന്നു.) ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനില്ക്കുന്നു.

എ)സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം 1973 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്(1 വാക്കൻസി റെമിഷൻ. അനുവദിച്ചിട്ടുണ്ട്). 1972 കെട്ടിടങ്ങൾ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുണ്ടെ ന്ന് അനുമാനിക്കാവുന്നതാണ്. എന്നാൽ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 287 പേരിൽ (410 കെട്ടിടങ്ങളിൽ) നിന്നുമാത്രമാണ് നികുതി ഈടാക്കിയിരിക്കുന്നത്. അതായത് 1562 കെട്ടിടങ്ങളിൽ ഏതെങ്കിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

ബി) ക്രമ നം 1 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽനികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്നത് വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു. വേക്കൻസി റമിഷൻ കഴിഞ്ഞ് 1972 കെട്ടിടങ്ങൾ ഉണ്ടെന്നുള്ളതിനാൽ പരാമാവധി അത്രയും ഡിമാന്റുകൾ കൂടി തൊഴിൽനികുതിയുടെ കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

സി) വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നുണ്ടെങ്കിലും സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന മുഴുവൻ തൊഴിലാളികളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല എന്നത് ലൈസൻസ് സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

ഡി) ട്രേഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി. അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

2) രജിസ്റ്ററുകൾ തയ്യാറാക്കിയതിലെ അപാകതകൾ-ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയത് അപൂർണ്ണം.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ 2020-21 സാമ്പത്തിക വർഷത്തെ കച്ചവടക്കാരുടെ തൊഴിൽനികുതി ഇനത്തിലെ ഡിമാന്റ് കൃത്യത ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം-14/2020-21തിയ്യതി-25.05.2022). നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽനികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1. വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള

ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്. റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയ്ക്കൊപ്പം (ലൈസൻസ് നല്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ) ലഭ്യമാക്കുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.

2. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നൽകേണ്ടതും, ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിന്റെയും തുടക്കത്തിൽ ഈ പ്രക്രിയ തുടരേണ്ടതാണ്. മേൽ നടപടിക്രമങ്ങൾക്ക് നിശ്ചിത ഫോറങ്ങൾ തൊഴിൽ നികുതി ചട്ടങ്ങളിലില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതും, അതുവരെ കേരള മുനിസിപ്പാലിറ്റി തൊഴിൽനികുതി ചട്ടങ്ങളിലെ ഫോറം ഒന്നും, രണ്ടും ആവശ്യമായ മാറ്റങ്ങളോടെ സ്വീകരിച്ച് ഉപയോഗപ്പെടുത്താവുന്നതുമാണ്.

3. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

4. ട്രേഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

5. മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

## 1-9 അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്തിൽ ആകെ 26 അങ്കണവാടികളാണ് പ്രവർത്തിക്കുന്നത്. ഇതിൽ സ്വന്തമായി കെട്ടിടമുള്ളത് 18 എണ്ണത്തിന് മാത്രമാണ്. എട്ട് അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ല. അങ്കണവാടികൾ ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഇവയ്ക്ക് സ്വന്തമായി കെട്ടിടമില്ലാത്ത അവസ്ഥയാണുള്ളത്. 12 അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. ബേബി ഫ്രണ്ട് ലി ടോയ് ലറ്റുകൾ അങ്കണവാടികളിൽ ഏർപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ഈ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നിരവധി തവണ ചർച്ചകൾ നടന്നതായി കാണുന്നു. എന്നാൽ മുഴുവൻ അങ്കണവാടികൾക്കും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന കാര്യത്തിൽ വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/20-21/24.5.22) സൂപ്പർവൈസർ മറുപടി സമർപ്പിച്ചിട്ടുണ്ട്. രണ്ട് അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭിച്ചിട്ടുണ്ടെന്നും, കുടിവെള്ളം നൽകുന്നതിന് ജലജീവൻ മിഷൻ മുഖേന പൈപ്പ് ലൈനുകൾ സ്ഥാപിച്ച് വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോഴും അങ്കണവാടികളുടെ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. എല്ലാ അങ്കണവാടികൾ ആവശ്യമായ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തി അറിയിക്കേണ്ടതാണ്.

## 1-10 ചെറിയ പദ്ധതികൾ ബഹുവർഷ പ്രൊജക്ടുകളായി നടപ്പാക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ പൊതുമരാമത്ത് പദ്ധതികളുടെ പരിശോധനയിൽ 34 ബഹുവർഷ പ്രൊജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയതായി കാണുന്നു. മേൽ പദ്ധതികൾ 300000 രൂപ മുതൽ 700000 വരെ മാത്രം എസ്റ്റിമേറ്റ് മൂല്യമുള്ളതും 250 മീറ്ററിൽ താഴെ നീളമുള്ളതുമായ റോഡ് പ്രവൃത്തികളും ഉൾപ്പെട്ടിട്ടുണ്ട്. മറ്റ് 9 പ്രൊജക്ടുകളുടെ എസ്റ്റിമേറ്റ് തുക 10 ലക്ഷത്തിൽ താഴെയാണ്. മേൽ പദ്ധതികളുടെ സാങ്കേതിക അനുമതിയിൽ പദ്ധതിയുടെ നിർവ്വഹണ കാലമായി രേഖപ്പെടുത്തിയിട്ടുള്ളത് പരമാവധി 6 മാസം മാത്രമാണ്.

29.01.2018 തിയ്യതിയിലെ സ.ഉ.(കൈ) നം. 11/2018 പ്രകാരമുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 3.5.2 ൽ നിർവ്വഹണത്തിന് ഒരു വർഷത്തിലധികം സമയം ആവശ്യമായി വരുന്ന പദ്ധതികളാണ് ബഹുവർഷ പ്രൊജക്ടുകളായി നടപ്പാക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഇപ്രകാരം ചെറിയ പദ്ധതികൾ ബഹുവർഷ പ്രൊജക്ടുകളായി നടപ്പാക്കിയതിന്റെ കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. 2020-21 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത 92 പ്രൊജക്ടുകളിൽ 34 എണ്ണം ബഹുവർഷ പ്രൊജക്ടുകളും 47 എണ്ണം സ്പിൽ ഓവർ പ്രൊജക്ടുകളുമാണ്. യഥാർത്ഥത്തിൽ 2020-21 വർഷത്തിൽ പൂർത്തീകരിക്കുന്നതിനായി 11 പൊതുമരാമത്ത് പ്രവൃത്തികൾ മാത്രമാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

സാങ്കേതിക അനുമതി പ്രകാരം 6 മാസത്തെ പൂർത്തീകരണ കാലയളവുള്ള പദ്ധതികൾ ബഹുവർഷ പ്രൊജക്ടുകളായി ആസൂത്രണം ചെയ്തതിലൂടെ സമയബന്ധിതമായി ആസ്തി സൃഷ്ടിക്കുന്നതിനോ, സേവനം നൽകുന്നതിനോ സാധിക്കാതെ വന്നിട്ടുണ്ട്. ബഹുവർഷ പ്രൊജക്ടുകൾ തുടർ വർഷത്തിൽ പുതിയ പ്രൊജക്ടെന്ന നിലയിലാണ് സഞ്ചയയിൽ ജനറേറ്റ് ചെയ്യപ്പെടുന്നത്, ഇത് മൂലം സാങ്കേതിക വിഭാഗം ജീവനക്കാരുടെ മനുഷ്യശേഷി നഷ്ടപ്പെടുന്നതിനും കാരണമായിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-11 ഹെഡ്മാസ്റ്റർ പദ്ധതികൾ നടപ്പിലാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 3, 4, 5 പട്ടികകളിൽ യഥാക്രമം ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് എന്നിവയുടെ ചുമതലകൾ വിശദമാക്കിയിട്ടുണ്ട്. ഓരോ തലത്തിലെ പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതും സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിച്ചുകൊടുക്കുന്നതുമായ ചുമതലകൾ നിറവേറ്റുന്നതിന് വേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. സർക്കാർ പ്രൈമറി സ്കൂളുകൾ ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനമാണ്. ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസ മേഖലയിലുള്ള പ്രൊജക്ടുകൾ നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തിയ ഗവൺമെന്റ് പ്രൈമറി സ്കൂൾ ഹെഡ് മാസ്റ്ററുടെ ചുമതലയാണ്. എന്നാൽ തൻവർഷം 7പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 1 പദ്ധതി മാത്രമാണ് (എസ്.എസ്.കെ വിഹിതം നൽകൽ) ഹെഡ്മാസ്റ്റർ നടപ്പിലാക്കിയത്. പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള 3 പ്രൊജക്ടുകൾ ഉൾപ്പെടെ 6 നടപ്പാക്കിയില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-12 എം ജി എൻ ആർ ഇ ജി എസ് പദ്ധതി - നടത്തിപ്പിലെ അപാകതകൾ

എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ നിർവ്വഹിക്കപ്പെട്ട പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) പ്രവൃത്തികൾക്കാവശ്യമായ വിവിധങ്ങളായ മെറ്റീരിയൽ ലഭിക്കുന്നതിന് ഓരോ പ്രവൃത്തിയും ടെണ്ടർ ചെയ്യുകയും, കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരുമായി കരാർ വച്ച് സാധനങ്ങൾ ശേഖരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. പ്രവൃത്തികളുടെ ടെണ്ടർ ഫയൽ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികളും റീ ടെണ്ടർ ചെയ്താണ് നൽകിയതെന്ന് കാണുന്നു. റീടെണ്ടർ തുക എസ്റ്റിമേറ്റ് നിരക്കായതിനാൽ, എസ്റ്റിമേറ്റ് നിരക്കിൽ എല്ലാ പ്രവൃത്തികളും കരാർ വച്ച് കൈമാറിയതായും കാണുന്നു . മൊത്തം പ്രവൃത്തികൾ വിലയിരുത്തിയതിൽ ശരാശരി 4 കരാറുകാർ എല്ലാ പ്രവൃത്തികളും താഴെ കൊടുത്ത പ്രകാരം വീതം വെച്ചെടുത്തതായി കാണുന്നു

| ക്രമ നം | കരാറുകാരൻ | പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 1 | ബഷീർ.പി.സി | 19 |

| | | |
|---|---|---|
| 2 | കുഞ്ഞിരാമൻ | 36 |
| 3 | ഹമീദ് | 20 |
| 4 | രാജൻ.എൻ.പി | 10 |

മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ ശേഖരിക്കപ്പെട്ടത് മത്സരാധിഷ്ഠിതമായല്ലെന്ന് കാണാം. മെറ്റീരിയൽ പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ച കൊണ്ടുള്ള 31.1.2012 ലെ 93/2012/തസ്വഭവ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കാത്തതാണ് ഇതിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേബർ ബജറ്റും വാർഷിക കർമ്മപദ്ധതിയും അന്തിമമായി ജില്ലാ തലത്തിൽ അംഗീകരിച്ച കഴിഞ്ഞാൽ ഓരോ അർദ്ധവർഷത്തിൽ/ മാസത്തിൽ സാധന സാമഗ്രികൾ/വിദഗ്ദ, അർദ്ധവിദഗ്ദ തൊഴിലാളികൾ എന്നിവ ഉപയോഗിച്ച് നിർവ്വഹിക്കേണ്ട പദ്ധതികളുടെ മുൻഗണന, പഞ്ചായത്തിൽ ഇതിനായി നിയോഗിച്ച സബ്കമ്മിറ്റി നിശ്ചയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ അംഗീകരിച്ച് കഴിഞ്ഞാൽ ഉടനെ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, ഇതിനായി നിയോഗിക്കപ്പെട്ട എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കേണ്ടതും, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും അളവ്/എണ്ണം എന്നിവ ഈ എസ്റ്റിമേറ്റ് അടിസ്ഥാനപ്പെടുത്തി കണക്കാക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഈ രണ്ട് നടപടികളും പൂർത്തീകരിക്കുമ്പോൾ ഓരോ മാസവും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറുമാസകാലയളവിലേക്ക് വിതരണം ചെയ്യുന്നവരെ തെരെഞ്ഞടുക്കുന്നതിന്, അവശ്യമായ പരസ്യം നല്കി ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും വിതരണക്കാരെ തെരെഞ്ഞെടുക്കേണ്ടതുമാണ്. കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ ടെണ്ടർ നടപടികൾ സ്വീകരക്കാവുന്നതുമാണ്. ഓരോ മാസവും വിതരണം ചെയ്യേണ്ട സാധനങ്ങളുടെ അളവ്, സ്ഥലം, സ്പെസിഫിക്കേഷൻ, തീയതി തുടങ്ങിയ കാര്യങ്ങൾ സെക്രട്ടറി, ആ മാസം തുടങ്ങുന്നതിനുമുമ്പുള്ള ഒരാഴ്ചയ്ക്കകം തന്നെ തെരെഞ്ഞെടുത്ത സ്ഥാപനങ്ങളെ അറിയിക്കേണ്ടതും, സാധനങ്ങൾ വിതരണം ചെയ്താൽ എഞ്ചിനീയർ അവ ഏറ്റുവാങ്ങി അളവെടുക്കേണ്ടതുമാണ്. വളരെ സുതാര്യമായതും പരമാവധി സാമ്പത്തിക മെച്ചം ലഭിക്കുന്നതുമായ മേൽ നടപടിക്രമം സ്വീകരിക്കാതെ, ഓരോ പ്രവൃത്തിക്കും ആവശ്യമായ മുഴുവൻ സാധനങ്ങളും ഓരോ കരാറുകാരിൽ നിന്നും എസ്റ്റിമേറ്റ് നിരക്കിൽ വാങ്ങിയത് ശരിയായ നടപടിയല്ല. അർദ്ധ വർഷത്തിൽ ആവശ്യമായ മൊത്തം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ക്വാറി ഉടമകൾ/അംഗീകൃത ഏജൻസികൾ ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യാൻ സാധ്യതയുണ്ടെന്നിരിക്കെ, ഈ സാധ്യത പരിഗണിക്കാത്തത് വിശദീകരിക്കപ്പെടേണ്ടതുണ്ട്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിച്ച് സാമ്പത്തിക നഷ്ടം ഉണ്ടാക്കി അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/20-21/24.5.22) മറുപടി നൽകിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി സുതാര്യമായും അഴിമതി രഹിതമായും നടക്കുന്നുവെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-13 അഗതി ആശ്രയ പദ്ധതി - മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിച്ചു എന്ന് ഉറപ്പുവരുത്തിയില്ല

ഗ്രാമപഞ്ചായത്തിൽ അഗതികളുടെ പുനരധിവാസത്തിനായി 2004-05 വർഷം മുതൽ ആശ്രയ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഇതുവരെ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | അഗതി ആശ്രയ (2003-2008) | 109 | 1453300 | 899942 |

| | | | | |
|---|---|---|---|---|
| 2 | അഗതി ആശ്രയ,റീവിസിറ്റ് (2009-2012) | 33 | 1241040 | 287240 |
| 3 | അഗതി ആശ്രയ തുടർസേവനം (2013-16) | 20 | 1345360 | 345607 |
| 4 | രണ്ടാം ഘട്ടം (2014-2016) | 117 | 16386960 | 653758 |

പദ്ധതിക്ക് വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചതായി കാണുന്നില്ല. മേൽ സൂചിപ്പിച്ച പദ്ധതികളിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും പാക്കേജിൽ പരാമർശിച്ചിരിക്കുന്ന മുഴുവൻ ആനുകൂല്യങ്ങളും ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ആശ്രയ ഗുണഭോക്താക്കൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നത് രേഖപ്പെടുത്തുന്നതിന് സൂക്ഷിക്കേണ്ട മോണിറ്ററിംഗ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. പദ്ധതിയുടെ ഓരോ ഘട്ടത്തിലും എത്ര തുക ചെലവഴിച്ച എന്നതിന് കൃത്യമായ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. അതുകൊണ്ട് തന്നെ ഗുണഭോക്താക്കൾക്ക് പദ്ധതിയിൽ സൂചിപ്പിച്ച എല്ലാ ആനുകൂല്യങ്ങളും ലഭിച്ചോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. മുൻ വർഷങ്ങളിലെ ആശ്രയ പദ്ധതികളിൽ ഭവന നിർമ്മാണത്തിന് ആനുകൂല്യം ലഭിക്കേണ്ടിയിരുന്ന 7 ഗുണഭോക്താക്കൾക്ക് നാളിതുവരെ ആനുകൂല്യം നൽകിയിട്ടില്ല.

2019-20 മുതൽ അഗതിരഹിത കേരളം എന്ന പദ്ധതിയാണ് നടപ്പാക്കി വരുന്നത്. ഇതിൽ ആകെ 92 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിരിക്കുന്നത്. മുൻ വർഷങ്ങളിലെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാത്ത ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുണ്ട്. ആശ്രയ പദ്ധതിയുടെ നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു വിലയിരുത്തൽ സമിതി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഈ കമ്മിറ്റി രൂപീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/20-21/24.5.22) മറുപടി നൽകിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്. മുൻ വർഷങ്ങളിൽ പൂർത്തിയായ ആശ്രയ പദ്ധതികളിലെ ആനുകൂല്യം ലഭിക്കാത്ത ഗുണഭോക്താക്കൾ, നിലവിലെ അഗതിരഹിത കേരളം പദ്ധതിയിലുൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.

1-14 കെട്ടിടത്തിലേക്കുള്ള വഴി- കേസ് സംബന്ധിച്ച്

വൗച്ചർ നം- 2200215/24.6.20-19250/-

ഹൈക്കോടതിയിലെ WP© 31228/2019 നമ്പർ കേസ് നടത്തിയതിന് വക്കീൽ ഫീസായി 15000/-രൂപയും വടകര സബ്കോർട്ടിലെ OS36/2019നമ്പർ കേസിനായി 4250/-രൂപയും മേൽ വൗച്ചർ പ്രകാരം അഡ്വ.കെ വിശ്വന് നല്കിയിട്ടുണ്ട്. നിർമ്മിക്കപ്പെട്ട കെട്ടിടം ക്രമവൽക്കരിക്കുകയും കെട്ടിട നമ്പർ നല്കി നികുതി ഈടാക്കിയ ശേഷം കെട്ടിടനമ്പർ റദ്ദാക്കി കെട്ടിടം അനധികൃതനിർമ്മാണമാക്കി മാറ്റിയതിനെതിരെ കെട്ടിട ഉടമകളായ ശ്രീ.കൊയിലോത്ത് മുഹമ്മദ്, ശ്രീ.നിയാസ് മുഹമ്മദ് എന്നിവർ ഗ്രാമപഞ്ചായത്തിനെതിരെ ഫയൽ ചെയ്തതാണ് ആദ്യത്തെ കേസ്. കെട്ടിടത്തിലേക്കുള്ള വാഹന സൗകര്യമുള്ള വഴി ശ്രീമതി സീനത്ത് തിരിക്കോട്ടിന്റേതാകയാൽ, അവരുടെ സമ്മതപത്രം ഹാജരാക്കിയാൽ മാത്രമാണ് കെട്ടിടം ക്രമവൽക്കരിക്കുകയുള്ളൂവെന്ന പഞ്ചായത്ത് നിർദ്ദേശത്തെ തുടർന്ന് അത്തരത്തിലൊരു സമ്മതപത്രം ഉടമകൾ ഹാജരാക്കിയാണ് കെട്ടിടം ക്രമവൽക്കരിച്ചത്. എന്നാൽ അത്തരത്തിലൊരു സമ്മതപത്രം താൻ നല്കിയിട്ടില്ലെന്നും വ്യാജമായാണ് അത്തരത്തിലൊരു രേഖ തയ്യാറാക്കിയതെന്നും അക്കാലത്ത് താൻ വിദേശത്തായിരുന്നുവെന്നും ശ്രീമതി സീനത്ത്

ഗ്രാമപഞ്ചായത്തിനെ അറിയിച്ചതിനെ തുടർന്നാണ് കെട്ടിട നമ്പർ റദ്ദാക്കിയത്.

വ്യാജരേഖ തയ്യാറാക്കി പഞ്ചായത്തിനെ കബളിപ്പിച്ചതിന് കെട്ടിട ഉടമകൾക്കെതിരെ ഗ്രാമപഞ്ചായത്ത് വടകര സബ്കോടതിയിൽ ഫയൽ ചെയ്തതാണ് രണ്ടാമത്തെ കേസ് .

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത നല്കേണ്ടതാണ്.

എ) കെട്ടിട നിർമ്മാണത്തിനും ക്രമവൽക്കരണത്തിനുമുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ അത്തരം കെട്ടിടം നിർമ്മിക്കുന്ന / നില്ക്കുന്ന പ്ലോട്ടിലേക്കുള്ള വഴിയായി കാണിച്ച സ്ഥലം മറ്റൊരു സ്വകാര്യ വ്യക്തിയുടേതാണെങ്കിൽ അവരുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് /ക്രമവൽക്കരണം അനുവദിക്കാമോ എന്ന കാര്യത്തിൽ വ്യക്തത നല്കേണ്ടതാണ്. കൂടാതെ ഇത് അനുവദിക്കാമെങ്കിൽ, അത് ഏത് നിയമത്തിന്റെ ചട്ടത്തിന്റെ/സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണെന്നും വ്യക്തമാക്കേണ്ടതാണ്.

ബി) ഇത്തരത്തിൽ സമ്മതപത്രം വാങ്ങുന്നുവെങ്കിൽ അത് യഥാർത്ഥമാണോയെന്നും, കാലാകാലങ്ങളിൽ നിലനില്ക്കത്തക്കതരത്തിൽ ക്ഷമതയുള്ളതാണോയെന്നും ഉറപ്പു വരുത്തേണ്ടതായിരുന്നു. കൂടാതെ ഇത്തരം രേഖകളുടെ നിയമപരമായ നിലനിൽപ്പ് ഉറപ്പാക്കുന്നതിന് ആവശ്യമായ നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുമായി രുന്നു. ഇക്കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതാണ്.

മേൽ കാര്യത്തിലുള്ള വിശദീകരണ പ്രകാരം അനാവശ്യമായാണ് കേസിനാസ്പദമായ പ്രശ്നം ഉയർന്നതെങ്കിൽ ചെലവു തുക കെട്ടിടം ക്രമവൽക്കിച്ച സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-15 പ്രാദേശിക സാമ്പത്തിക വികസന മേഖലയിൽ പദ്ധതികളാവിഷ്കരിച്ചില്ല

ഓഡിറ്റ് വർഷം ചെറുകിട - പരമ്പരാഗത തൊഴിൽ മേഖലകളിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ ദാരിദ്ര്യലഘൂകരണം ലക്ഷ്യമാക്കി ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, കുടുംബശ്രീ സംഘടനാ സംവിധാനം എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിലൂടെ നടപ്പാക്കാമായിരുന്ന ഇത്തരം പദ്ധതികൾ മേൽ സംവിധാനങ്ങളുടെ ജാഗ്രതക്കുറവ് കാരണം നടപ്പാക്കാൻ സാധിച്ചില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 (1) ാം ഉപവകുപ്പ് 3 ാം പട്ടിക സി. പ്രകാരം ദരിദ്രരെ കണ്ടെത്തി, പാവപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് സ്വയം തൊഴിലും ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെടുന്നതാണ്. ഓഡിറ്റ് വർഷം ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് വിവിധ പദ്ധതികളുടെ പ്രപ്പോസലുകൾ തയ്യാറാക്കിയിരുന്നെങ്കിലും ഇതെല്ലാം നടപ്പാക്കാതെ പോവുകയാണുണ്ടായത്. ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള ചുമതല നിറവേറ്റുന്നതിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെടാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/20-21/24.5.22) മറുപടി നൽകിയിട്ടില്ല. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ചെറുകിട - പരമ്പരാഗത തൊഴിൽ മേഖലകളിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്

## 1-16 ഫിഷറീസ് മേഖലയിൽ പദ്ധതി നടപ്പാക്കിയില്ല

കോവിഡ് കാലത്തെ സാമൂഹിക-സാമ്പത്തിക വെല്ലുവിളികളെ നേരിടുന്നതിനും ഭക്ഷ്യോത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെയും സർക്കാർ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതിയുടെ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

1994 കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് പ്രകാരമുള്ള 3-ാം പട്ടികയിൽ മേഖലാ

അടിസ്ഥാനത്തിലുള്ള ചുമതലയിൽ കുളത്തിലെ മത്സ്യസമ്പത്തിന്റെ വികസനവും ശുദ്ധജലത്തിലെയും ക്ഷാരജലത്തിലെയും മീൻവളർത്തലും സമുദ്രവിഭവ വികസനവും നടപ്പാക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ മുൻകാലങ്ങളിലൊന്നും തന്നെ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടില്ല. മേൽ വീഴ്ചകൾ മത്സ്യബന്ധന മേഖലയുടെ വികസനത്തിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/20-21/24.5.22) മറുപടി നൽകിയിട്ടില്ല. ഫിഷറീസ് മേഖലയിൽ പദ്ധതികൾ നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്

## 1-17 ബഡ്സ് സ്കൂളിന് ലഭിച്ച തുക വിനിയോഗിക്കാത്തത് കാരണം രണ്ടാം ഗഡു ധനസഹായം നഷ്ടമായി

ഗ്രാമ പഞ്ചായത്തിൽ ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനായി പഞ്ചായത്ത് ഓഫീസിന് സമീപത്തായി ഒരു കെട്ടിടം പണിതിട്ടുണ്ട്. എന്നാൽ ഇതുവരെയും കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടില്ല. സ്ഥാപനത്തിനുള്ള സർക്കാർ ധനസഹായമായി 27.9.2018ലെ കുടുബശ്രീ ജില്ലാ മിഷൻ കോ ഓഡിനേറ്ററുടെ 1020/a3/ 2009/ks/kkd നമ്പർ ഉത്തരവ് പ്രകാരം 1250000/-രൂപ ലഭിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് പഠനസാമഗ്രികൾ, ഫർണ്ണിച്ചർ, ടെലിവിഷൻ, പ്രൊജക്ടർ, കമ്പ്യൂട്ടർ, തെറാപ്പ്യൂട്ടിക്ക് ഉപകരണങ്ങൾ എന്നിവ വാങ്ങാമെന്ന് ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഈ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഓഡിറ്റ് വർഷം ഈ തുക ഉപയോഗിച്ച് റാണി മെറ്റൽ സ്റ്റോഴ്സ് കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും അടുക്കള ഉപകരണങ്ങളും പാത്രങ്ങളും വാങ്ങുന്നതിന് 59866/-രൂപ ചെലവഴിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച ധനസഹായം ലഭിച്ച ഗ്രാമ പഞ്ചായത്തുകൾ 2018 സെപ്തംബർ മാസം 30 നകം തന്നെ ബഡ്സ് സ്കൂൾ ആരംഭിക്കാണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. തുക മുഴുവൻ ഒരു മാസത്തിനകം ചെലവഴിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്ക് രണ്ടാം ഗഡു ധനസഹായമായി 1250000 രൂപ കൂടി സർക്കാരിൽ നിന്ന് ലഭിക്കുമായിരുന്നു. എന്നാൽ നാളിതുവരെ ഒന്നാം ഗഡു തുക മുഴുവൻ വിനിയോഗിച്ചിട്ടില്ല. ഇതിനാൽ സ്ഥാപനത്തിന് ലഭിക്കേണ്ടിയിരുന്ന രണ്ടം ഗഡു ധനസഹായം നഷ്ടമായി. ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/20-21/24.5.22) മറുപടി നൽകിയിട്ടില്ല. വ്യവസ്ഥകൾ പാലിക്കാതെ ചെലവഴിച്ചതിൽ വിശദീകരണം നൽകേണ്ടതാണ്. 59866/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-18 വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങിയതിലെ അപാകതകൾ

ഓഡിറ്റ് വർഷം വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങിയതിന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| പ്രോജക്ട് നം. | 64/21 |
| അടങ്കൽ | 100000/- |
| ഫണ്ട് | എം.ജി.(എൻ. ആർ) |

| | |
|---|---|
| ചെലവ് | 100000/- |
| ബിൽനം. തി. | 604/21/19.3.21 |

ജി.ഒ(പി) നമ്പർ 259/2010.തസ്വഭവ.തി.08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാന്വലിൽ 100000 ന് രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെൻഡർ രീതിയാണ് അവലംബിക്കേണ്ടത്. ഇതിന് മത്സരാധിഷ്ഠിത നിരക്കുകൾ ക്ഷണിച്ച് കൊണ്ട് പത്രപരസ്യം നൽകേണ്ടതാണ്. ഇതിൽ നിന്ന് പ്രൊക്യൂർമെന്റ് ടീമാണ് വാങ്ങലുകൾക്ക് അന്തിമാനുമതി നൽകേണ്ടത്. എന്നാൽ മേൽ സൂചിപ്പിച്ച പദ്ധതിയിലെ വാങ്ങലുകൾക്ക് ഈ നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/20-21/24.5.22) മറുപടി നൽകിയിട്ടില്ല. വാങ്ങലുകൾക്ക് പ്രൊക്വയർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

## 1-19 തെരുവ് വിളക്ക് സ്ഥാപിക്കൽ - രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പ്രൊജക്റ്റ് നം. 76/2020-21

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ക്രൂസിൽ നിന്ന് 185 എൽ.ഇ.ഡി 24 വാട്ട് തെരുവ് വിളക്കുകൾ വാങ്ങിയതിന് തൻവവർഷം 500000 രൂപ ചെലവഴിച്ചിട്ടുണ്ട്. തൻവർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 480651 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തെരുവ് വിളക്ക് രജിസ്റ്റർ പരിശോധിച്ചതിൽ തെരുവ് വിളക്കുകളുടെ വിശദവിവരം രേഖപ്പെടുത്തിയതായി കാണുന്നില്ല. ആകെ തെരുവ് വിളക്കുകളുടെ എണ്ണം, എൽ.ഇ.ഡി വിളക്കുകളുടെ എണ്ണം, മറ്റ് വിളക്കുകളുടെ എണ്ണം എന്നീ വിവരങ്ങൾ വൈദ്യുത ബോർഡുമായി സംയുക്ത പരിശോധന നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. സംയുക്ത പരിശോധന നടത്തുന്നതിന് 28.07.2021,22.04.2022 തീയതികളിൽ ഗ്രാമ പഞ്ചായത്ത് വൈദ്യുതി ബോർഡിന് കത്തെഴുതിയതായി കാണുന്നുണ്ട്. സംയുക്ത പരിശോധന നടത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പ്രകാശിക്കുന്ന വിളക്കുകൾക്ക് മാത്രമേ വൈദ്യുതി ചാർജ് ഒടുക്കുന്നുള്ളുവെന്ന് ഉറപ്പാക്കേണ്ടതും തെരുവ് വിളക്ക് രജിസ്റ്റർ പൂർത്തിയാക്കേണ്ടതുമാണ്.

## 1-20 കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ

കൃഷി ഓഫീസർ 10 പ്രൊജക്ടുകൾക്കായി ഗുണഭോക്തൃവിഹിതമുൾപ്പെടെ 3195083 രൂപ വകയിരുത്തിയതിൽ 2573686 രൂപ ചെലവഴിച്ചിട്ടുണ്ട്. 9 പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)സബ്സിഡി നിരക്ക് ഭരണസമിതി നിശ്ചയിച്ചില്ല

സ.ഉ(കൈ)22/2018/തസ്വഭവ/തീ.14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലും അനുബന്ധ ഉത്തരവുകളിലും പരമാവധി നൽകാവുന്ന സബസിഡി നിരക്കാണ് പരാമർശിച്ചിട്ടുള്ളത്. കൃഷി ഓഫീസർ

വിവിധ പദ്ധതികൾക്ക് പരമാവധിയിലും കുറഞ്ഞ നിരക്കുകൾ അനുവദിച്ച കേസുകൾ കാണുന്നു. എന്നാൽ നിരക്ക് നിശ്ചയിച്ച് ഭരണസമിതി തീരുമാനമെടുത്തതായി കാണുന്നില്ല. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമനമ്പർ | പ്രൊജക്ട് | പരമാവധി അവദിക്കാവുന്ന സബ്സിഡി (%) | അനുവദിച്ച സബ്സിഡി (%) |
|---|---|---|---|
| 1 | 06/2020-21 – ഗൃഹാങ്കണ പച്ചക്കറി കൃഷിക്ക് പോട്ടിംഗ് മിശ്രിതം നിറച്ച ചട്ടി വിതരണം | 75% | 50% |
| 2 | 11/2020-21 – സുഫലം ഫലവൃക്ഷതൈ വിതരണം | 100% | 75% |

വർക്കിംഗ് ഗ്രൂപ്പ് ,സ്റ്റാന്റിംഗ് കമ്മിറ്റി,ഭരണസമിതി മിനിട്സുകൾ പരിശോധിച്ചതിൽ മേൽ നിരക്കുകൾ നിശ്ചയിച്ച് തീരുമാനമെടുത്തതിന്റെ രേഖകൾ കാണുന്നില്ല. ഭരണ സമിതി തീരുമാനമെടുക്കാതെ സബ്സിഡി നിരക്കുകൾ നിശ്ചയിച്ച നടപടി ശരിയല്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

2)വാഴകന്ന് വിതരണം ചെയ്തതിലെ അപാകതകൾ

പ്രൊജക്ട് നമ്പർ - 12/2020-21

അടങ്കൽ - 490720

ചെലവ് - 490720

വി.എഫ്.പി.സി.കെ യിൽ നിന്ന് 30670 വാഴകന്നുകൾ വാങ്ങിയതിന് 490720 രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു കുടുംബത്തിന് 5എണ്ണം വീതം 6134 കുടുംബങ്ങൾക്ക് 100% സബ്സിഡിയിൽ വാഴകന്നുകൾ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. സ.ഉ(കൈ)നം.22/2018 /തസ്വഭവ.തീ.14.2.18 ഖണ്ഡിക 6.1(4)പ്രകാരം കൃഷിഭവൻ/ഇക്കോഷോപ്പ് വഴിയാണ് കന്നുകൾ വിതരണം ചെയ്യേണ്ടത്. സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ/തൈകളുടെ അളവ് തീരുമാനിക്കേണ്ടത്. എന്നാൽ സ്ഥലവിസ്തൃതി പരിഗണിക്കാതെ എല്ലാ കുടുംബങ്ങൾക്കും 5 വീതം കന്നുകൾ വിതരണം ചെയ്തതായി കാണുന്നു. മേൽ മാർഗരേഖ പ്രകാരം കാർഷിക ഉത്പാദന വർധനവിനും ഭൂമി/നിലം തരിശിടാതിരിക്കുന്നതിനും കൃഷി ഭൂമിയുടെ ഉടമസ്ഥർ, നാമമാത്ര/ചെറുകിട കർഷകർ , പാട്ടകൃഷി നടത്തുന്ന ഗ്രൂപ്പുകൾ, വ്യക്തികൾ, പുരുഷ സഹായ സംഘങ്ങൾ , തരിശുഭൂമികൃഷിക്കാർ എന്നിവർക്കാണ് ആനുകൂല്യം നൽകേണ്ടത്.എന്നാൽ വാർഡ് മെമ്പർമാരുടെ വീടുകളിലെത്തിച്ച് കന്നുകൾ വിതരണം ചെയ്തതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ വിവിധ കർഷകരുടെ എണ്ണം, കൃഷിഭൂമിയുടെ അളവ് എന്നിവ കാണിക്കുന്ന കണക്കുകൾ കൃഷിഭവനിൽ ലഭ്യമല്ല. ആവശ്യമായ ഡാറ്റാകളക്ഷൻ നടത്തിയല്ല പ്രൊജക്ടുകൾക്ക് രൂപം നൽകുന്നത്. 01.12.2020 വരെയുള്ള സഞ്ചയ റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ

ലോഡ്ജുകൾ ഉൾപ്പെടെയുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള ആകെ കെട്ടിടങ്ങളുടെ എണ്ണം 6802 ആണ്. കുടുംബങ്ങളുടെ ശരിയായ എണ്ണം ഇതിലും കുറവാകാനാണ് സാധ്യത. 6134 കുടുബങ്ങൾക്ക് വാഴക്കന്നുകൾ വിതരണം ചെയ്തതായും കാണുന്നു. എല്ലാ കുടുംബങ്ങൾക്കും എന്തെങ്കിലും ആനുകൂല്യം നൽകുക എന്ന ലക്ഷ്യമാണ് പ്രൊജക്ടിന് പിന്നിലെന്ന് മേൽപ്പറഞ്ഞ വസ്തുതകൾ വ്യക്തമാക്കുന്നുണ്ട്. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-21 പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം

സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷ ലഭിച്ചാൽ അർഹത പരിശോധിച്ച് 40 ദിവസത്തിനകം തീരുമാനമെടുക്കേണ്ടതുണ്ട്. തൻവർഷം അനുവദിച്ച/നിരസിച്ച പെൻഷൻ അപേക്ഷകൾ, അപേക്ഷാ രജിസ്റ്റർ തുടങ്ങിയവ പരിശോധിച്ചതിൽ പെൻഷൻ അപേക്ഷകൾ അന്വേഷണത്തിന് കൈമാറുന്നതിലും അന്വേഷണം കഴിഞ്ഞ് തിരികെ ലഭിക്കുന്നതിലും തീരുമാനമെടുക്കുന്നതിലും കാലതാമസം നേരിടുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| പേര് | പെൻഷൻ തരം | അപേക്ഷ തിയ്യതി | അന്വേഷണത്തിന് കൈമാറിയ തിയ്യതി | തിരികെ കിട്ടിയ തിയ്യതി | തീരുമാന മെടുത്ത തിയ്യതി |
|---|---|---|---|---|---|
| ഷർമില വി.കെ | വിധവ പെൻഷൻ | 6.11.20 | 21.12.20 | 5.1.21 | 15.1.21 |
| നഫീസ തിരുവങ്ങോത്ത് | വിധവ പെൻഷൻ | 22.10.20 | 5.11.20 | രേഖപ്പെടു ത്തിയിട്ടില്ല | 27.01.21 |
| ജാനു നെരവത്ത് | കർഷക തൊഴിലാളി പെൻഷൻ | 31.3.21 | 12.4.21 | 15.6.21 | 8.7.21 |
| നാരായണി കൊറുമ്പത്ത് | വാർധക്യകാല പെൻഷൻ | 8.5.20 | 28.7.20 | 9.9.20 | 9.9.20 |
| നാണു ചന്ദനാണ്ടിയിൽ | വാർധക്യകാല പെൻഷൻ | 19.6.20 | 8.7.20 | 13.10.20 | 21.10.20 |

പെൻഷൻ അപേക്ഷകൾ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടം കാര്യക്ഷമമല്ല.ഇതുവഴി അർഹതപ്പെട്ടവർക്ക് പെൻഷൻ ലഭിക്കുന്നതിന് കാലതാമസം വന്നു.അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-22 പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായ നികുതി, ക്ഷേമനിധി വിഹിതം, എന്നിവ ഈടാക്കിയതിൽ കുറവ്.

ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായനികുതി, ക്ഷേമനിധി വിഹിതം, ജി.എസ്.ടി എന്നിവ കുറവ് ചെയ്യുന്നതിന്

അടിസ്ഥാനമാക്കേണ്ടത് ആകെ പ്രവൃത്തി മൂല്യമാണ്. എന്നാൽ ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും 12 ശതമാനം ജി.എസ്.ടി കുറവ് ചെയ്ത തുകയെ അടിസ്ഥാനമാക്കിയാണ് ആദായ നികുതി, ക്ഷേമനിധി വിഹിതം, എന്നിവ ഈടാക്കിയിട്ടുള്ളത്. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ടിന്റെ വിശദാംശം | ആകെ പ്രവൃത്തിമൂല്യം | ഈടാക്കേണ്ടിയിരുന്ന IT, KCWWF, | ഈടാക്കിയ തുക | കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | 101/20-21 , മാത്തിൽമുക്ക് മണക്കടവ് പുഴ റോഡ് | 999274 | 19986 | 17844 | 2142 |

ഓഡിറ്റ് വർഷത്തിലെ മുഴുവൻ ബില്ലുകളിൽ നിന്നും മേൽ പറഞ്ഞ രീതിയിലാണ് ആദായ നികുതി, ക്ഷേമനിധിവിഹിതം എന്നിവ കുറവ് ചെയ്ത് ഈടാക്കിയിട്ടുള്ളത്. ബില്ലിൽ നിന്നും കുറവ് ചെയ്യുന്ന ആദായനികുതി, ക്ഷേമനിധി വിഹിതം, എന്നിവ ജി.എസ്.ടി ഉൾപ്പെടുന്ന പ്രവൃത്തിമൂല്യത്തിന് അനുസൃതമാണെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത മൂലം ആദായ നികുതി, ക്ഷേമനിധി വിഹിതം എന്നീ ഇനങ്ങളിൽ കേന്ദ്ര -സംസ്ഥാന സർക്കാരുകൾക്ക് നഷ്ടമുണ്ടായിട്ടുണ്ട്. അപാകത തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 ഹരിത കർമ്മ സേനയുടെ പ്രവർത്തനം - യൂസർ ഫീ അടയ്ക്കുന്നതിൽ വീഴ്ച

സ.ഉ (സാധാ) നം. 2420/തസ്വഭവ/തി.15.07.2017 ഉത്തരവ് പ്രകാരം ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1.യൂസർ ഫീ പിരിക്കുന്നതിന് ഉപയോഗിച്ച രശീതികൾ നഷ്ടപ്പെട്ടു, മുഴുവൻ തുകയും ബാങ്ക് അക്കൗണ്ടിലേക്ക് അടച്ചില്ല

2018-19 വർഷത്തിലാണ് ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത്. 27.04.2018 ന് കനറാ ബാങ്ക് പാറക്കടവ് ശാഖയിൽ ഇതിനായി അക്കൗണ്ട് ആരംഭിച്ചു. 2018-19മുതൽ സ്ഥാപനങ്ങളിൽ നിന്നും, വീടുകളിൽ നിന്നും യൂസർ ഫീ ഈടാക്കിവരുന്നുണ്ട്. എന്നാൽ ഈകാലയളവിലെ രശീതി ബുക്കുകളും, ക്യാഷ് ബുക്കും അനുബന്ധ രേഖകളും രേഖാമൂലം നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ യ്ക്ക് കൈമാറിയിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ ക്യാഷ് ബുക്ക് എഴുതിയിരിക്കുന്നത് 1.10.2021 മുതലാണ്. നിലവിൽ ഉപയോഗിക്കുന്ന രശീതിബുക്ക് സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിലെടുത്തതും, ഇഷ്യൂ ചെയ്തതുമായ തിയ്യതികൾ രേഖപ്പെടുത്തിയിട്ടില്ല. യൂസർ ഫീ പിരിക്കുന്നതിന് ഹരിതകർമ്മ സേനാംഗങ്ങൾക്ക് നൽകിയ 13 രശീതി ബുക്കുകൾ നഷ്ടപ്പെട്ടതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അൻപത് രൂപയുടെ നൂറ് ലീഫുകൾ ഉൾപ്പെടുന്ന ബുക്കുകളാണ് നഷ്ടപ്പെട്ടത്. ബുക്ക് നം.1, 2, 10, 16, 20, 25, 31, 32, 46, 47, 49, 73, 81 എന്നിവയാണ് നഷ്ടപ്പെട്ടതായി കാണുന്നത്. ഈ ബുക്കുകളിലെ കളക്ഷൻ തുകയായ 65000/- (13 X 5000) രൂപ ബാങ്ക് അക്കൗണ്ടിലേക്ക് അടച്ചിട്ടില്ല. 1.7.2021 മുതൽ 22.10.2021 വരെയുള്ള തിയ്യതികളിൽ ഹരിത കർമ്മസേന സെക്രട്ടറി ഉപയോഗിച്ച ബുക്ക് നം.4, 5, 6, 8, 12, 15, 17, 23 എന്നിവയിലെ ആകെ കളക്ഷൻ തുക 40000/- (8 X5000) രൂപയിൽ 13204/- രൂപ മാത്രമേ ബാങ്ക് അക്കൗണ്ടിലേക്ക് അടച്ചിട്ടുള്ളൂ. ബാക്കി വരുന്ന 26796/- രൂപ അടച്ചിട്ടില്ല. ഇതിന്

പുറമേ വിവിധ വാർഡുകളിലെ ഹരിത കർമ്മസേനാംഗങ്ങൾ 10.1.2022 നും 7.3.2022നും ഇടയിലുള്ള തിയ്യതികളിൽ ഉപയോഗിച്ച വിവിധ രശീതികളിലെ 51370/- രൂപയും ഉൾപ്പെടെ ആകെ 143166/- രൂപ ( 65000 + 26796 + 51370 ) ബാങ്ക് അക്കൗണ്ടിലേക്ക് അടച്ചിട്ടില്ലെന്ന് ഹരിത കർമ്മസേനയുടെ ചാർജുള്ള വി.ഇ.ഒ ഓഡിറ്റ് എൻക്വയറി നം.1/20-21/23.05.22 ന് നൽകിയ മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് കൃത്യമായ മേൽനോട്ടം ഇല്ലാത്തതാണ് ഇങ്ങനെയുള്ള അപാകതകളിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ അപാകതകൾ സംബന്ധിച്ച് ശരിയായ അന്വേഷണം നടത്തി ഉപയോഗിച്ച രശീതികളിലെ മുഴുവൻ തുകയും ബാങ്ക് അക്കൗണ്ടിലേക്ക് അടപ്പിക്കേണ്ടതും, കുറ്റക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. എം.സി.എഫ് കേന്ദ്രങ്ങൾ സ്ഥാപിച്ചില്ല

പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും ശേഖരിച്ച് വേർതിരിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ എം.സി.എഫ് കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്. ഇവിടെ ഹരിതകർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള കേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല ഇതുകൊണ്ടു തന്നെ നിലവിൽ വിവിധ വാർഡുകളിൽ നിന്ന് ശേഖരിക്കുന്ന മാലിന്യങ്ങൾ റോഡരികിൽ കൂട്ടിയിട്ടശേഷം പിന്നീട് സംസ്കരണകേന്ദ്രങ്ങളിലേക്ക് കയറ്റിയയക്കുകയാണ് ചെയ്യുന്നത്. ഇത് ശരിയായ നടപടിയല്ല, എം.സി.എഫ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 19.05.2022-20.05.2022 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി പുറപ്പെടുവിച്ചു. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2020-21 | 100000/- | ക്ഷീരകർഷകർക്ക് | 100000/- | 0 |

| | | | | | |
|---|---|---|---|---|---|
| | | | മിൽക്ക് ഇൻസെന്റീവ് | | |
| പഞ്ചായത്ത്-തൂണേരി | 2020-21 | 20000/- | വിശപ്പ് രഹിത കേരളം | 20000/- | 0 |
| | 2020-21 | 328000/- | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 328000/- | 0 |
| | 2020-21 | 517000/- | ലൈഫ് എസ്.ടി | 517000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 137500/- | മുട്ട ഗ്രാമം | 137500/- | 0 |
| | 2020-21 | 199900/- | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 199900/- | |
| | 2020-21 | 640000/- | ലൈഫ് ഭവനപദ്ധതി-എസ്.ടി | 640000/- | |
| | 2020-21 | 240000/- | ലൈഫ് ഭവനപദ്ധതി-എസ്.സി | 240000/- | |
| | 2020-21 | 10000/- | വിശപ്പ് രഹിത കേരളം | 10000/- | |
| | 2020-21 | 24000 | സുഭിക്ഷകേരളം കന്നുകുട്ടി വിതരണം | 240000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് 2700000 മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻനീട്ടൽ | 120050100203/27.03.2021 | 1200000 | 0 | 1200000 |
| കോഴിക്കോട് കോർപ്പറേഷൻ | നഗരസഞ്ചയം കടിവെള്ളപദ്ധതി | 120050100218/27.03.2021 | 1500000 | 0 | 1500000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ വരവില്ല. തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി (കെ.യു. ആർ. ഡി.എഫ്.സി ലോൺ) | ജി.ഒ(എം. എസ്)68/ 2018 തസ്വഭവ തി-18.05. 2018 | | 4840000/- | 0 | 674661/- | | 4165339/- |
| | | ആകെ | | | | | 4165339/- |

## 4-6 സ്ഥിര നിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 591325/- |
| തൻവർഷം നിക്ഷേപിച്ച തുക | 48784/- |
| ആകെ | 640109/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 640109/- |

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ചെക്യാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബേങ്ക് | 15.03.2021 | 1 വർഷം | 640109/- | ഷെയർ സർട്ടിഫിക്കറ്റ് നം-8530 |
| ആകെ | | | | 640109/- | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | രേഖപ്പെടുത്തിയിട്ടില്ല | 2001-02 | 16.11.2018 | ഉമ്മത്തൂർ ജലസേചന പദ്ധതി | അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ട് 2006-08(11) ഖണ്ഡിക 130,131 പ്രകാരം സമയബന്ധിതമായി തീർപ്പാക്കുന്നതിനും ഇപ്പോഴത്തെ അവസ്ഥ അറിയിക്കുന്നതിനും ആവശ്യപ്പെട്ടു |
| 2000-01 | രേഖപ്പെടുത്തിയിട്ടില്ല | 2004-05 | 11.1.3.48.117 | നികുതി പിരിവിൽ അലംഭാവം | പരാമർശം തുടരുന്നു. |
| 2001-02 | രേഖപ്പെടുത്തിയിട്ടില്ല | 2003-04 | മറ്റ് പരാമർശം | വനിത കമ്പ്യൂട്ടർ പരിശീലനം | പരാമർശം ഒഴിവാക്കി |
| 2001-02 | രേഖപ്പെടുത്തിയിട്ടില്ല | 2003-04 | 11.14.117 | മരാമത്ത് പ്രവൃത്തിക്ക് മുൻകൂർ നൽകി | റവന്യൂ റിക്കവറി നടപടികൾ അറിയിക്കുന്നതിന് ആവശ്യപ്പെട്ടു |

| | | | | | |
|---|---|---|---|---|---|
| 2000-01 | 1-5 | 2004-05 | 11.1.2.9.116 | ബജറ്റ് അംഗീകരിച്ചത് രേഖപ്പെടുത്തിയില്ല | പരാമർശം തുടരുന്നു. |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4.187 | തൊഴിൽ നികുതി അപാകതകൾ | പരാമർശം തുടരുന്നു. |
| 2019-20 | 1-24 | 2020-21 | അനുബന്ധം-2.107 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി പേയ്മെന്റ് | പരാമർശം തുടരുന്നു. |

4-9 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 74342700 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73367918 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 79116/- |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 19250 | ശ്രീ.രജുലാൽ എം.പി സെക്രട്ടറി |
| 1-17 | 59866/- | ശ്രീ.വി.രാജീവൻ അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|
| 1-23 | ശ്രീ.ബജീഷ് കെ<br>വി.ഇ.ഒ |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വി.രാജീവൻ അസി.സെക്രട്ടറി | അസി.സെക്രട്ടറി തൂണേരി ഗ്രാമപഞ്ചായത്ത് | വള്ളിൽ,ഇരിങ്ങണ്ണൂർ പി.ഒ.തൂണേരി |
| ശ്രീ.രജ്ജുലാൽ എം.പി സെക്രട്ടറി | സെക്രട്ടറി ഒഞ്ചിയം ഗ്രാമപഞ്ചായത്ത് | മന്നത്ത് പൊയിൽ,കീഴൽ പി.ഒ |
| ശ്രീ.ബജീഷ് കെ വി.ഇ.ഒ | വി.ഇ.ഒ അഴിയൂർ ഗ്രാമപഞ്ചായത്ത് | കോറോത്ത്, അരവിന്ദ്ഘോഷ് റോഡ്,പുതുപ്പണം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ. എഫ്.എസ്.2/1135/99തീ.08/11/99 | 6 (31, 34, 35, 36, 37, 38) |
| 1998-99 | എൽ.എഫ്.എസ്.2/1377/01തീ.08/11/99 | 11,( 20, 34, 36, 40, 42, 43,44, 45, 46, 47(3),47(4), 48) |
| 1999-00 | എൽ.എഫ്.എസ്.2/1606/01തീ.07/06/99 | 3, (29, 33, 35) |
| 2000-01 | എൽ.എഫ്.എസ്.1/1102/03തീ.04/12/03 | 19, (7,8, 9(എ, ബി.) 10, (ഡി.സി.ബി.), 2, 3, 4, 5, 6, 7, 8, 9, 10, 11, 12) |
| 2001-02 | എൽ.എഫ്.പി.2/117/05തീ.06/08/05 | 3, (3-2, 3-3, 3-4) |
| 2002-03 | എൽ.എഫ്.എസ്.1/1017/06തീ.04/11/06 | 4, (3-3, 3-5, 3-6, 3-7) |
| 2003-04 | എൽ.എഫ്. കെ.കെ.ഡിഎസ്.1/708 /07തീ.05/10/07 | 8, (3-1, 3-2, 3-3, 3-4, 3-5, |

| | | |
|---|---|---|
| | | 3-6, 3-7, 3-8) |
| 2004-05 | എൽ.എഫ്. കെ.കെ.ഡി.പി.5/1336 /09തീ.05/10/09 | 11,( 3-1 മുതൽ 3-11 വരെ) |
| 2005-06 | എൽ.എഫ്. കെ.കെ.ഡി.പി.5/1338 /09തീ.05/10/09 | 14, (3-1 മുതൽ 3-14 വരെ) |
| 2006-07 | എൽ.എഫ്. കെ.കെ.ഡി.പി.5/1339 /09തീ.05/10/09 | 17, (2-1 മുതൽ 2-7 വരെ 3-1 മുതൽ 3-10 വരെ) |
| 2007-08 | എൽ.എഫ്. കെ.കെ.ഡി.എസ്.1/141 /10തീ.09/05/2010 | 19 (3-1, 3-2, 3-3, 3-4,3-5, 3-6, 3-7,3-8, 3-9, 3-12, 3-14, 3-15,3-17, 3-20, 3-22,3-24,4-4, 4-7) |
| 2008-09 | കെ.എസ്.എ.കെ.കെ.ഡിപി7/28/2022 തി.20.04.2022 | 8 (2-3, 3-2, 3-3,3-6, 3-8, 3-9, 3-10,3-12,) |
| 2009-10 | എൽ.എഫ്. കെ.കെ.ഡി.പി.11/1407 /12തീ.24/08/12 | 29 (1-1, 1-2,1-4, ,2-1, 2-2,2-3, 2-4, 2-5, 2-6,2-7, 2-8,3-1, 3-2,3-3, 3-4, 3-5, 3-6,3-7(1), 3-9, 3-10,3-11,3-12, 3-13, 3-14, 3-15,3-16, 3-17, 3-18, 3-19,) |
| 2010-11<br>2011-12 | എൽ.എഫ്. കെ.കെ.ഡി.പി.11/77/13തീ.18 /07/13 | 17 (2-2 മുതൽ 2-3 വരെ 3-1 മുതൽ 3-17 വരെ) (3-10, 3-17 ഒഴികെ) |
| 2012-13 | എൽ.എഫ്. കെ.കെ.ഡി.പി.11/1447 /16തീ.07/01/16 | 10 (2-2, 3-1, 3-2, 3-3,3-4,3-7, 3-9, 3-11, 4-3, 4-10 ബി) |
| 2013-14<br>2014-15 | എൽ.എഫ്. കെ.കെ.ഡി.പി.11/1276 /16തീ.20/07/16 | 13 (2-1, 2-2, 3-2, 3-3,3-4, 3-6,3-8, 3-9,3-10,3-12,3-13, 3-14,3-16) |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി.11/2137 /2016തീ.17/12/16 | 20 (2-5, 2-7,3-1, 3-2, 3-3,3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-15, 3-17, 3-18, 3-20, 3-21) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി.11/1565 /2017തീ.10/08/17 | 4 (2-1, 3-1, 3-2, 3-5) |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി.11/1057/ 2019 തി.04.07.2019 | 13(1-12(1),1-12 (എ1-എ8),2-2(എ-ബി), 3-2(1),3-2(2), 3-4,3-5,3-6(എ), 3-6(ബി),3-7,3-10,4-10) |

| | | |
|---|---|---|
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി.10/366/2020 തി.18.01.2021 | 37(1-6,1-7 (1),(4),(5),(11),1-8(1),(2) 1-9(1),(2),(4),(5),(6), 1-11,1-12,1-13,1-14,1-15,1-16,1-17, 1-18,1-19,1-20,1-21,1-22,1-25,1-26, 1-27,1-28,1-29,1-30,1-31,1-34, 2-1,3-1,4-11) |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി.7/1348 /2021തി-18.10.2021 | 22(1-2,1-10,1-10(1മുതൽ 6 വരെ), 1-11(1-3),1-15,1-16,1-17, 1-20,1-21,1-22, 1-24(സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2020-21),1-25,1-27,1-28,4-8) |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.),
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്